**വാഗമൺ മേഖലയിലെ ഭൂമി**

157 [2595] *ഡോ. എം. എ. കുട്ടപ്പൻ:*
*പ്രൊഫ. സാവിത്രി ലക്ഷ്മണൻ:*
*ശ്രീ. കെ. വി. തോമസ്:*
*ശ്രീമതി മേഴ്സി രവി:*
*ശ്രീ. വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ മേഖലയിലെ ഭൂമി കയ്യേറ്റത്തെക്കുറിച്ച് ആരെല്ലാം അന്വേഷണം നടത്തിയിട്ടുണ്ട്; പ്രസ്തുത അന്വേഷണം സംബന്ധിച്ച റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തു നടപടിയെടുത്തിട്ടുണ്ട്;

(ഡി) ഒരു നടപടിയുമെടുത്തില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് പറയുമോ?

*ഉത്തരം*

(എ) വാഗമണ്ണിൽ ഭൂമി കയ്യേറ്റങ്ങളെക്കുറിച്ച് ഹൈലെവൽ കമ്മിറ്റിയുടെയും ദേവികുളം ആർ. ഡി. ഒ. യുടെയും വിജിലൻസ് വകുപ്പിന്റെയും നേതൃത്വത്തിലുള്ള ടീമുകൾ അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

**കഴക്കൂട്ടം മണ്ഡലത്തിലെ പട്ടയ വിതരണം**

158 [2596] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം കഴക്കൂട്ടം നിയോജകമണ്ഡലത്തിലുൾപ്പെട്ടിട്ടുള്ള വിവിധ വില്ലേജുകളിലായി ഇതുവരെ എത്രപേർക്ക് കൈവശാവകാശരേഖയും സ്ഥിരപട്ടയവും നൽകിയിട്ടുണ്ട്; ഇതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

GPM. 2/588/2012—24

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിലുൾപ്പെടുന്ന തീരദേശപ്രദേശങ്ങളിലെ വിവിധ വില്ലേജുകളിലായി 2001 മേയ് മാസം മുതൽ ഇതുവരെ എത്ര ആളുകൾക്ക് കൈവശാവകാശരേഖയും എത്ര പേർക്ക് സ്ഥിരപട്ടയവും നൽകിയെന്ന് വെളിപ്പെടുത്താമോ?

*ഉത്തരം*

(എ)

| *നം.* | *വില്ലേജ്* | *കൈവശ രേഖ* | *പട്ടയം* |
|---|---|---|---|
| 1 | പള്ളിപ്പുറം | .. | 1 |
| 2 | കീഴ്ത്തോന്നയ്ക്കൽ | .. | 4 |
| 3 | ആറ്റിപ്ര | 17 | 28 |
| 4 | അണ്ടൂർക്കോണം | .. | 3 |
| 5 | കഠിനംകുളം | 4 | 55 |
| 6 | വെയിലൂർ | .. | 2 |
| 7 | കഴക്കൂട്ടം | .. | 2 |
| 8 | മേനംകുളം | 67 | .. |

(ബി)

| *നം.* | *വില്ലേജ്* | *കൈവശ രേഖ* | *പട്ടയം* |
|---|---|---|---|
| 1 | കഠിനംകുളം | 4 | 55 |
| 2 | ആറ്റിപ്ര | 17 | 28 |

**നെടുവത്തൂർ മണ്ഡലത്തിലെ പുറമ്പോക്ക് പുരയിടം**

159 [2597] *ശ്രീ. എഴുകോൺ നാരായണൻ:* താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊട്ടാരക്കര താലൂക്കിൽപ്പെട്ട നെടുവത്തൂർ നിയോജകമണ്ഡലത്തിൽ എവിടെയൊക്കെ സർക്കാർ പുറമ്പോക്ക് പുരയിടം ഉണ്ടെന്നും പുരയിടത്തിന്റെ വിസ്തീർണ്ണവും സ്ഥലവിവരവും അടക്കം വില്ലേജിന്റെ പേര് സഹിതം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly